# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3486. 11-12-2018 ൽ മറുപടിയ്ക്ക്

## കാർഷിക ആവശ്യങ്ങൾക്ക് സൗജന്യമായി വൈദ്യുതി

**ചോദ്യം**
ശ്രീ.പുരുഷൻ കടലുണ്ടി

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കർഷകർക്ക് കാർഷിക ആവശ്യങ്ങൾക്കായി വൈദ്യുതി കണക്ഷൻ സൗജന്യമായി നൽകിയിരുന്നത് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിർത്തലാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | കൃഷി വകുപ്പിന്റെ കാർഷിക സൗജന്യ വൈദ്യുതി പദ്ധതി 1995 മുതൽ തുടർന്നുവരികയാണ്. കാർഷിക മേഖല പുഷ്ടിപ്പെടുത്തുന്നതിന്റെ ഭാഗമായി കൃഷി വകുപ്പ് നടപ്പിലാക്കിയ കാർഷിക സൗജന്യ വൈദ്യുതി പദ്ധതി പ്രകാരം നെൽകൃഷിയ്ക്ക് ഭൂവിസ്തൃതി കണക്കിലെടുക്കാതെയും, മറ്റ് വിളകൾക്ക് 2 ഹെക്ടർവരെയും കാർഷിക വൈദ്യുതി സൗജന്യം ലഭ്യമാക്കി വരുന്നു. എന്നാൽ ഇതിൻപ്രകാരം കാർഷിക വൈദ്യുതി കണക്ഷൻ നേടുന്നതിനായുള്ള അപേക്ഷാ ഫീസും മറ്റ് ചിലവുകളും കർഷകർ നേരിട്ട് കെ എസ് ഇ ബി-യിൽ ഒടുക്കേണ്ടതുണ്ട്. കാർഷിക സൗജന്യ വൈദ്യുതി പദ്ധതി സംബന്ധിച്ച് കർഷകർക്കുണ്ടാകുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിന് കൃഷി വകുപ്പും വൈദ്യുതി വകുപ്പും യഥാസമയം നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |
| (ബി) | കർഷകർക്ക് കാർഷിക ആവശ്യങ്ങൾക്കായി വൈദ്യുതി കണക്ഷൻ സൗജന്യമായി നൽകുന്നതിന് വൈദ്യുതി വകുപ്പുമായി ചേർന്ന് നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ